**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1557** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ചാലക്കുടി മോഡൽ ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിന്റെയും പവലിയന്റെയും നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** ചാലക്കുടി ഗവ. മോഡൽ ബോയ്സ് ഹൈസ്കൂളിലെ ഗ്രൗണ്ടിന്റെയും പവലിയന്റെയും നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ചാലക്കുടി ഗവ. മോഡൽ ബോയ്സ് ഹൈസ്കൂളിലെ ഗ്രൗണ്ടിന്റെയും, പവലിയന്റേയും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ള 6 മീറ്റർ ഫെൻസിംഗിന്റെ പ്രവൃത്തിയാണ് അവശേഷിക്കുന്നത്.

**(ബി)** പ്രസ്തുത പ്രവൃത്തിയുടെ വിശദാംശവും എത്രത്തോളം പൂർത്തിയായിട്ടുണ്ടെന്നും അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത സ്കൂളിലെ ഫുട്ബോൾ ടർഫ് 109 X69 മീറ്റർ സൈസിലായിരുന്നു നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ പ്ലേ ഏര്യയിൽ നിന്നും കളിക്കാർക്കുള്ള ക്ലിയറൻസ് കുറവായതിനാൽ കളിക്കാരുടെ സുരക്ഷ പരിഗണിച്ച് 109 X 72 മീറ്റർ സൈസിലേക്ക് മാറ്റിയതിന്റെ അടിസ്ഥാനത്തിനും, പ്രസ്തുത ഗ്രൗണ്ടിലെ സോയിൽ കണ്ടീഷൻ അനുസരിച്ചും ഗ്യാലറി സ്ട്രക്ചർ റീ ഡിസൈൻ ചെയ്യേണ്ടി വന്നതിനാലും കരാർ തുകയ്ക്കുള്ളിൽ 6 മീറ്റർ ഫെൻസിംഗ് നൽകുവാൻ സാധിച്ചിരുന്നില്ല. നിലവിൽ 1.5 മീറ്റർ ഫെൻസിംഗാണ് നൽകിയിട്ടുള്ളത്. ആയതിനാൽ 6 മീറ്റർ ഫെൻസിംഗും, അധികമായി ചെയ്യേണ്ടിവന്ന പ്രവൃത്തികളും ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു .

**(ഡി)** എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായുള്ള ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**